## കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രം

121. [121] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയതായി നിർമ്മിച്ച വാർഡ് പ്രവർത്തിപ്പിക്കാൻ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ നിവേദനം ലഭിച്ചിരിന്നോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ മുഖ്യമന്ത്രി എന്ത് ഉത്തരവ് പുറപ്പെടുവിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ആ ഉത്തരവ് നടപ്പിലാക്കി കഴിഞ്ഞെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആശുപത്രിയിൽ അടിയന്തിരമായി ഡോക്ടറെ നിയമിച്ച് റിപ്പോർട്ട് നൽകുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഉത്തരവ് നൽകി.

(ബി) നിലവിൽ കല്ലിയൂർ പി. എച്ച്. സി. യിൽ ഡോക്ടറുടെ തസ്തിക യൊന്നും ഒഴിഞ്ഞു കിടപ്പില്ല എന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് നൽകി.

## തലസ്ഥാന വികസന മന്ത്രാലയ രൂപീകരണം

122. [122] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന വികസനകാര്യങ്ങൾ ഏകോപിപ്പിക്കാനും നേതൃത്വം നൽകാനുമായി തലസ്ഥാന വികസന മന്ത്രാലയം രൂപീകരിക്കണമെന്ന് തിരുവനന്തപുരം നോർത്ത് എം. എൽ. എ. യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അനുകൂല നടപടി സ്വീകരിക്കുമോ;

(സി) തലസ്ഥാന വികസന പദ്ധതി ആരംഭിച്ചത് എന്നുമുതലാണെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതിപ്രകാരം ഇതേവരെ ഏതെല്ലാം വികസന പദ്ധതികൾക്ക് എത്രതുക അനുവദിച്ചു കഴിഞ്ഞുവെന്ന് വിശദമാക്കാമോ;

(ഇ) ഇവയിൽ പൂർത്തിയായി കഴിഞ്ഞവ ഏതെല്ലാം;

(എഫ്) ഇനിയും ആരംഭിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly